## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .2007 — 11-06-2018 -ൽ മറുപടിക്ക്

## കാലാവസ്ഥ മുന്നറിയിപ്പുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എം. വിൻസെന്റ്** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) | 2017 നവംബർ 28, 29 തീയതികളിൽ എത്ര കാലാവസ്ഥാ മുന്നറിയിപ്പുകളാണ് സംസ്ഥാന സർക്കാരിന് ലഭിച്ചതെന്നും അത് ഏതെല്ലാം സമയങ്ങളിലാണെന്നും പ്രസ്തുത മുന്നറിയിപ്പുകളെ തുടർന്ന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കാമോ; | എ) | 28.11.2017-ന് ദൈനംദിന കാലാവസ്ഥാ അവലോകന റിപ്പോർട്ട് മാത്രമാണ് ലഭിച്ചത്. 29-ന് ശ്രീലങ്കൻ തീരത്തെ ന്യൂനമർദ്ദവും കടൽ സ്ഥിതിയും സംബന്ധിച്ചുള്ള ആദ്യ ബുള്ളറ്റിൻ 3.05 PM-നും രണ്ടാമത്തേത് 5.43 PM -നുമാണ് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് ലഭിച്ചത്. ആയത് മാധ്യമങ്ങൾ ഉൾപ്പെടുന്ന സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി രൂപീകരിച്ചിട്ടുള്ള വാട്ട്സ് ആപ്പ് ഗ്രൂപ്പ് മുഖേന നൽകിയിരുന്നു. ചുഴലിക്കാറ്റ് സംബന്ധിച്ച് യാതൊരു മുന്നറിയിപ്പും ലഭിച്ചിരുന്നില്ല. |
| ബി) | പ്രസ്തുത മുന്നറിയിപ്പുകളുടെ പശ്ചാത്തലത്തിൽ, പ്രസ്തുത തീയതികളിൽ, സർക്കാരോ ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയോ എത്ര യോഗം വിളിച്ചു ചേർത്തിരുന്നുവെന്നും പ്രസ്തുത യോഗങ്ങളിൽ ആരൊക്കെയാണ് പങ്കെടുത്തിട്ടുള്ളതെന്നും വിശദമാക്കാമോ? | ബി) | യോഗം ചേർന്നിരുന്നില്ല. |

സെക്ഷൻ ഓഫീസർ